എ.വൈ.ആർ


സൂറ-13

# അർറഅ്ദ്

وَيَسْتَعْجِلُونَكَ بِٱلسَّيِّئَةِ قَبْلَ ٱلْحَسَنَةِ وَقَدْ خَلَتْ مِن قَبْلِهِمُ
ٱلْمَثُلَٰتُ ۗ وَإِنَّ رَبَّكَ لَذُو مَغْفِرَةٍ لِّلنَّاسِ عَلَىٰ ظُلْمِهِمْ ۖ وَإِنَّ
رَبَّكَ لَشَدِيدُ ٱلْعِقَابِ ﴿٦﴾

وَيَقُولُ ٱلَّذِينَ كَفَرُوا۟ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦٓ ۗ إِنَّمَآ أَنتَ
مُنذِرٌ ۖ وَلِكُلِّ قَوْمٍ هَادٍ ﴿٧﴾

6 ഈ ധിക്കാരികൾ നല്ലതിന് മുമ്പ് തിയ്യതിനു വേണ്ടി ധൃതികൂട്ടുകയാകുന്നു. എന്നാലോ, ഇവർക്കു മുമ്പ് ധർമധിക്കാരത്തിന്റെ എത്രയോ ദുഷ്ഫലങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. മനുഷ്യൻ അതിക്രമങ്ങളനുവർത്തിച്ചിട്ടും നിന്റെ നാഥൻ വളരെ വിട്ടുവീഴ്ചയോടെ വർത്തിക്കുന്നു. അതോടൊപ്പം നിന്റെ നാഥൻ കഠിനമായി ശിക്ഷിക്കുന്നവനും തന്നെയാകുന്നു.

7 പ്രവാചകനെ നിഷേധിച്ചവർ ചോദിക്കുന്നു: ഇയാൾക്ക് വിധാതാവിങ്കൽനിന്ന് ഒരു ദൃഷ്ടാന്തം ഇറക്കപ്പെടാത്തതെന്തുകൊണ്ട്? നീ ഒരു മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. ഓരോ സമൂഹത്തിനും ഒരു മാർഗദർശകനുണ്ട്.

നല്ലതിനുമുമ്പ് =قَبْلَ ٱلْحَسَنَةِ തിന്മകൊണ്ട് (തിയ്യതിനുവേണ്ടി) =بِٱلسَّيِّئَةِ അവർ നിന്നോട് ധൃതികൂട്ടുന്നു =وَيَسْتَعْجِلُونَكَ
അവർക്കുമുമ്പ് =مِن قَبْلِهِمُ (എന്നാൽ) തീർച്ചയായും കഴിഞ്ഞുപോയിട്ടുണ്ട് =وَقَدْ خَلَتْ
തീർച്ചയായും നിന്റെ നാഥൻ =وَإِنَّ رَبَّكَ തുല്യശിക്ഷകൾ(ധർമധിക്കാരത്തിന്റെ എത്രയോ ദുഷ്ഫലങ്ങൾ) =ٱلْمَثُلَٰتُ
മനുഷ്യരോട് =لِّلنَّاسِ പൊറുക്കൽ ഉടയവനാകുന്നു (വളരെ വിട്ടുവീഴ്ചയോടെ വർത്തിക്കുന്നു) =لَذُو مَغْفِرَةٍ
തീർച്ചയായും നിന്റെ നാഥൻ =وَإِنَّ رَبَّكَ അവരുടെ അക്രമത്തിന്മേൽ (അതിക്രമങ്ങളനുവർത്തിച്ചിട്ടും) =عَلَىٰ ظُلْمِهِمْ
(പ്രവാചകനെ) നിഷേധിച്ചവർ =ٱلَّذِينَ كَفَرُوا۟ പറയുന്നു =وَيَقُولُ കഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാകുന്നു =لَشَدِيدُ ٱلْعِقَابِ
അയാളുടെ നാഥങ്കൽനിന്ന് =مِّن رَّبِّهِۦ ഒരു ദൃഷ്ടാന്തം =ءَايَةٌ അയാളുടെ മേൽ ഇറക്കപ്പെടാത്തതെന്തുകൊണ്ട് =لَوْلَآ أُنزِلَ عَلَيْهِ
എല്ലാ ഓരോ സമുദായത്തിനും ഉണ്ട് =وَلِكُلِّ قَوْمٍ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു =مُنذِرٌ തീർച്ചയായും നീ =إِنَّمَآ أَنتَ
ഒരു മാർഗദർശകൻ =هَادٍ

**6:** പ്രവാചകനെയും പരലോകത്തെയും നിഷേധിക്കുന്നതിനു പുറമെ രക്ഷക്കു പകരം ശിക്ഷക്കുവേണ്ടി ധൃതിപ്പെടുകയെന്നതും അവരുടെ അത്ഭുതാവഹമായ നടപടിയാണ്. പരലോക വിചാരണയോടൊപ്പം ഭൗതിക ലോകത്തുണ്ടാകുന്ന ശിക്ഷയെയും അവർ പുഛിച്ചു തള്ളുകയായിരുന്നു. പ്രവാചകന്മാരെ നിഷേധിച്ച എല്ലാ ജനതകളും ഇങ്ങനെ വെല്ലുവിളിക്കാറുണ്ടായിരുന്നു: നിന്നെയും നിന്റെ സന്ദേശത്തെയും നിഷേധിച്ചാൽ ഞങ്ങൾ വലിയ ദൈവകോപത്തിനും നാശത്തിനും ഇരയായിത്തീരുമെന്ന് കുറെകാലമായല്ലോ നീ ഭീഷണിപ്പെടുത്തുന്നു. അങ്ങനെയൊരു നാശമുണ്ടെങ്കിൽ ഞങ്ങളതൊന്നുകാണട്ടെ. ഏറെനാളായല്ലോ ഞങ്ങൾ നിന്നെ തള്ളിപ്പറയുന്നു. എന്നിട്ട് ഇതുവരെ ആ ശിക്ഷയിങ്ങുവന്നെത്താത്തതെന്തേ? ഖുർആൻ

ഈ വെല്ലുവിളിയെ പല സ്ഥലങ്ങളിൽ പരാമർശിക്കുന്നുണ്ട്: നേരത്തെ 8:32ൽ സത്യനിഷേധികൾ പറഞ്ഞതായി ഉദ്ധരിക്കുന്നു:

وَإِذْ قَالُوا۟ ٱللَّهُمَّ إِن كَانَ هَـٰذَا هُوَ ٱلْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ ٱلسَّمَآءِ

(അവർ ഘോഷിച്ചതോർക്കുക. ദൈവമേ, ഇതു നിന്റെ പക്കൽ നിന്നുള്ള സത്യം തന്നെയെങ്കിൽ ഞങ്ങൾക്കുമീതെ മാനത്തു നിന്ന് ശിലകൾ വർഷിക്കുക). 38:16ൽ അവരെ ഉദ്ധരിക്കുന്നതി ങ്ങനെയാണ്: رَبَّنَا عَجِّل لَّنَا قِطَّنَا قَبْلَ يَوْمِ ٱلْحِسَابِ (ഞങ്ങളുടെ നാഥാ, വിചാരണ നാളിനു മുമ്പ് തന്നെ ഞങ്ങളുടെ വിഹിതം വേഗമിങ്ങു തന്നേക്കൂ). 70:1ൽ പറയുന്നു: سَأَلَ سَآئِلٌۢ بِعَذَابٍ وَاقِعٍ (ചോദിക്കുന്നവൻ സംഭവിക്കുന്ന ശിക്ഷയെക്കുറിച്ചു ചോദിക്കുന്നുവല്ലോ).

സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും പേരിൽ പരലോകത്തെന്നപോലെ ഈ ലോകത്തും യാതൊരു ശിക്ഷയുമില്ല എന്ന ഉറച്ച വിശ്വാസമാണ് അവിശ്വാസികളെ ഇത്തരം വെല്ലുവിളികൾക്ക് ധൃഷ്ടരാക്കുന്നത്. പക്ഷേ, ഈ വിശ്വാസം തികച്ചും മൂഢവും അന്ധവുമാണ്. ഈ ലോകത്തെ ഭാവിയെക്കുറിച്ചോ മരണാനന്തരാവസ്ഥയെക്കുറിച്ചോ അങ്ങനെയൊരു തീരുമാനമെടുക്കാൻ പര്യാപ്തമായ ഭൗതികമോ നൈതികമോ ആയ യാതൊരു തെളിവും അവരുടെ കൈവശമില്ല. ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളെ സ്ഥിരീകരിക്കുന്ന തെളിവില്ലെങ്കിൽ, അല്ലെങ്കിൽ ഉള്ളതെളിവുകൾ പ്രബലമല്ലെങ്കിൽ വിശ്വസിക്കാതിരിക്കാം. വിശ്വസിക്കാനെന്നതുപോലെ നിഷേധിക്കാനും വേണം തെളിവുകൾ. അതില്ലെങ്കിൽ വിശ്വസിക്കാതിരിക്കുന്നതുപോലെ നിഷേധിക്കാതെയുമിരിക്കുകയാണ് വേണ്ടത്. കാരണം ഉണ്ടെന്ന് സ്ഥിരപ്പെടാത്തതിലും ഉണ്ടായിരിക്കാനുള്ള സാധ്യത അവശേഷിക്കുന്നുണ്ട്. ഈയടിസ്ഥാനത്തിൽ ഇഹലോകത്തും പരലോകത്തും രക്ഷാശിക്ഷകൾ സംഭവിക്കാനുള്ള സാധ്യത അവിശ്വാസികൾക്കു മുമ്പിൽ അവശേഷിക്കുന്നു. ഈ സാധ്യതയിൽ രക്ഷയുടെ സാധ്യത തെരഞ്ഞെടുക്കുകയാണ് ബുദ്ധിപരമായ സമീപനം. അതായത് രക്ഷയും ശിക്ഷയും യാഥാർഥ്യമാവുകയാണെങ്കിൽ തങ്ങൾ രക്ഷപ്പെടേണമെന്നും ശിക്ഷിക്കപ്പെടരുത് എന്നും ആഗ്രഹിക്കുകയും അതിനുവേണ്ട മുൻകരുതലെടുക്കുകയും ചെയ്യുക. ഇതു മനസ്സിലാക്കാനുള്ള വിവേകം പോലുമില്ലാത്ത ധിക്കാരമൂർത്തികളാണ് രക്ഷ കിട്ടാൻ കൊതിക്കുന്നതിനു പകരം ശിക്ഷയും നാശവും കൊണ്ടുവരാൻ ദൈവദൂതനോട് ധൃതി കൂട്ടിക്കൊണ്ടിരിക്കുന്നത്.

എന്നാൽ അതിരുവിട്ട് സത്യനിഷേധവും ധർമധിക്കാരവും കാണിക്കുന്നവരെ അല്ലാഹു ഈ ലോകത്തും ശിക്ഷിക്കുമെന്നത് തെളിവില്ലാത്ത കാര്യമല്ല. ഗതകാല ചരിത്രത്തിൽ അതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. പ്രവാചകന്മാരെ ധിക്കരിച്ച് അധർമത്തിൽവാണ ആദ്-സമൂദ് വർഗങ്ങളുടെ വിനാശകഥകൾ മുഹമ്മദ് നബിയെ വെല്ലുവിളിക്കുന്ന അറബികൾക്കും സുപരിചിതമാണല്ലോ. مثلات എന്ന മൂലപദം مثلة ന്റെ ബഹുവചനമാണ്. മറ്റുള്ളവർക്ക് പാഠവും ഉദാഹരണവുമാകുന്ന ശിക്ഷ എന്നും ചെയ്ത പാതകത്തിന് തുല്യമായ ശിക്ഷയെന്നും ഈ പദത്തിന് അർഥമുണ്ട്. പരിധിവിട്ട അധർമികൾ അവരുടെ പരിധി ലംഘനം അർഹിക്കുന്ന വിധത്തിലുള്ള ശിക്ഷയും നാശവും നേരിട്ടതിന്റെ എത്രയോ ഉദാഹരണങ്ങൾ ഗതകാലത്ത് കഴിഞ്ഞുപോയിരിക്കുന്നു എന്നാണ് ഇവിടെ വിവക്ഷ. മറ്റുള്ളവരുടെ അനുഭവത്തിൽനിന്നും പാഠം പഠിക്കുന്നവരാണ് ബുദ്ധിശാലികൾ. ഇക്കൂട്ടരെയാകട്ടെ പൂർവസമുദായങ്ങളുടെ തിക്താനുഭവങ്ങൾ നിരന്തരം കേൾപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിലൊന്നും തങ്ങൾക്ക് യാതൊന്നും പഠിക്കാനില്ലെന്നാണോ ഇക്കൂട്ടർ കരുതുന്നത്!

പക്ഷേ, തങ്ങളാവശ്യപ്പെടുംപടി ഉടനടി ശിക്ഷയിറക്കാത്തത് അങ്ങനെയൊരു ശിക്ഷ ഇല്ലാത്തതിന്റെയോ അല്ലെങ്കിൽ അല്ലാഹുവിന് അതിന് കഴിവില്ലാത്തതിന്റെയോ തെളിവായി ഈ മൂഢജനം കരുതുന്നു. പാപികളെ ഉടനടി ശിക്ഷിക്കുക അല്ലാഹുവിന്റെ രീതിയല്ല. ആയിരുന്നുവെങ്കിൽ പ്രവാചകന്മാരെ നിയോഗിക്കുകയോ വേദങ്ങളവതരിപ്പിക്കുകയോ ചെയ്യേണ്ട കാര്യമുണ്ടായിരുന്നില്ല. പാപികളെ ശിക്ഷിക്കാനല്ല, പാപത്തിൽനിന്ന് വീണ്ടെടുത്തു രക്ഷിക്കാനാണ് അവൻ ഇഷ്ടപ്പെടുന്നത്. അതിനുവേണ്ടിയാണ് വേദങ്ങളവതരിപ്പിച്ചതും പ്രവാചകന്മാരെ നിയോഗിച്ചതും. പ്രവാചകന്മാരെ ധിക്കരിക്കുന്നവരോടും, വീണ്ടുവിചാരത്തിനും വീണ്ടെടുപ്പിനും ധാരാളം സമയം നൽകിക്കൊണ്ട് അവൻ വലിയ വിട്ടുവീഴ്ച ചെയ്യുന്നു. ഈ വിട്ടുവീഴ്ചക്കും അവസരം നൽകലിനും തീർച്ചയായും ഒരവധിയുണ്ട്. അസത്യത്തിലും അധർമത്തിലും അതിരുവിട്ടുകൊണ്ട് ആ അവസരം പാഴാക്കുന്നവരെ അവൻ പിടികൂടുകതന്നെ ചെയ്യും. മനുഷ്യരുടെ അധർമങ്ങൾക്കും അക്രമങ്ങൾക്കും നേരെ അങ്ങേയറ്റം വിട്ടുവീഴ്ച കാണിക്കുന്ന അല്ലാഹു, വിട്ടുവീഴ്ചയുടെ അറ്റം കഴിഞ്ഞാൽ പിന്നെ അതികഠിനമായി ശിക്ഷിക്കുന്നവൻ തന്നെയാകുന്നു.

ഈ ആശയം മറ്റിടങ്ങളിൽ പല ശൈലിയിൽ അവതരിപ്പിക്കുന്നുണ്ട്: 35:45ൽ പറയുന്നു:

وَلَوْ يُؤَاخِذُ ٱللَّهُ ٱلنَّاسَ بِمَا كَسَبُوا۟ مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ (മനുഷ്യരെ അല്ലാഹു അവരുടെ ചെയ്തികളുടെ പേരിൽ ഉടൻ ശിക്ഷിക്കുമായിരുന്നെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയെയും അവശേഷിപ്പിക്കുമായിരുന്നില്ല). 18:58ൽ പറയുന്നു:

وَرَبُّكَ ٱلْغَفُورُ ذُو ٱلرَّحْمَةِ ۖ لَوْ يُؤَاخِذُهُم بِمَا كَسَبُوا۟ لَعَجَّلَ لَهُمُ ٱلْعَذَابَ ۚ بَل لَّهُم مَّوْعِدٌ لَّن يَجِدُوا۟ مِن دُونِهِۦ مَوْئِلًا

(നിന്റെ നാഥൻ വളരെ പൊറുക്കുന്നവനും ദയാപരനുമാകുന്നു. മർത്യചെയ്തികളുടെ പേരിൽ അപ്പപ്പോൾ പിടികൂടുകയാണെങ്കിൽ അവൻ ഉടനടി അവരെ ശിക്ഷിച്ചു കൊണ്ടിരിക്കുമായിരുന്നു. പക്ഷേ, അവർക്ക് ഒരു സമയം നിശ്ചയിച്ചിരിക്കുകയാണ്. ആ സമയത്ത് ഓടിയൊളിക്കാൻ ഒരുവഴിയും അവർക്കു കണ്ടെത്താനാവില്ല).

فَإِن كَذَّبُوكَ فَقُل رَّبُّكُمْ ذُو رَحْمَةٍ وَٰسِعَةٍ وَلَا يُرَدُّ بَأْسُهُۥ عَنِ ٱلْقَوْمِ ٱلْمُجْرِمِينَ

(അവർ നിന്നെ തള്ളിപ്പറയുന്നുവെങ്കിൽ പറയുക: നിങ്ങളുടെ നാഥൻ വിശാലമായ കാരുണ്യമുടയവനാകുന്നു. എന്നാൽ കൊടും പാപികളിൽനിന്ന് അവന്റെ ശിക്ഷ തട്ടിമാറ്റപ്പെടുന്നതല്ല-6:147).

نَبِّئْ عِبَادِىٓ أَنِّىٓ أَنَا ٱلْغَفُورُ ٱلرَّحِيمُ ﴿٤٩﴾ وَأَنَّ عَذَابِى هُوَ ٱلْعَذَابُ ٱلْأَلِيمُ

(എന്റെ ദാസന്മാരെ അറിയിക്കുക, തീർച്ചയായും ഞാൻ ഏറെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. എന്നാൽ എന്റെ ശിക്ഷയോ അത് വേദനയേറിയ ശിക്ഷയുമാകുന്നു - 15:49,50).

إِنَّ رَبَّكَ سَرِيعُ ٱلْعِقَابِ وَإِنَّهُۥ لَغَفُورٌ رَّحِيمٌ (നിന്റെ നാഥൻ ശീഘ്രം

ശിക്ഷിക്കുന്നവനാകുന്നു. അതോടൊപ്പം തീർച്ചയായും അവൻ ഏറെ പൊറുക്കുന്ന കരുണാമയനുമാകുന്നു - 6:165).

നാം ചർച്ച ചെയ്യുന്ന സൂക്തത്തെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി സഈദ് ബിൻ മുസയ്യബ് ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ കനിവും കാരുണ്യവും വിട്ടുവീഴ്ചയുമില്ലായിരുന്നുവെങ്കിൽ ആർക്കും ജീവിതം സുഖകരമാകുമായിരുന്നില്ല. അവന്റെ ഭീഷണിയും ശിക്ഷയുമില്ലായിരുന്നുവെങ്കിൽ എല്ലാവരും അവന്റെ കാരുണ്യത്തിൽ ഭരമേൽപിക്കുമായിരുന്നു."

**7:** മുഹമ്മദ് നബി അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ സാക്ഷ്യമായി ഇന്ദ്രിയ ഗോചരമായ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തേണമെന്ന അവരുടെ ആവശ്യത്തെയാണ് ഈ സൂക്തം പരാമർശിക്കുന്നത്. സത്യമന്വേഷിക്കുകയാണവരെങ്കിൽ അതു കണ്ടെത്താനുള്ള അനിഷേധ്യ ദൃഷ്ടാന്തങ്ങളാണ് മുകളിൽ വിവരിച്ചത്. ഇനിയും അതു പോലുള്ള ദൃഷ്ടാന്തങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. വാസ്തവത്തിൽ വിശ്വസിക്കാതിരിക്കാനാണവർ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ തേടുന്നത്. ദിവ്യാത്ഭുതങ്ങൾ പ്രവാചകന്റെ കഴിവിൽ പെട്ടതല്ല. അദ്ദേഹം ഉദ്ദേശിക്കുമ്പോഴൊക്കെ അതു പ്രത്യക്ഷപ്പെടുത്താനാവുകയുമില്ല. അവർ ആവശ്യപ്പെടുന്നതനുസരിച്ചല്ല അല്ലാഹു ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുക. അതു പ്രത്യക്ഷപ്പെടുത്തേണമോ വേണ്ടയോ എന്നും എപ്പോൾ എവിടെ എങ്ങനെ വേണമെന്നും തീരുമാനിക്കുന്നത് അല്ലാഹുവാണ്. പ്രവാചകന്റെ ദൗത്യം പ്രബോധനം ചെയ്യുക- മുന്നറിയിപ്പു നൽകുക- എന്നതു മാത്രമാകുന്നു.

إِنَّمَآ أَنتَ مُنذِرٌ (നീ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു) എന്ന് പ്രവാചകനെ സംബോധന ചെയ്യുന്നതിൽ, അവരുടെ ഇത്തരം നിരർഥകമായ ആവശ്യങ്ങളെ അവഗണിച്ചുകൊണ്ട് സത്യപ്രബോധനം എന്ന സ്വന്തം ദൗത്യവുമായി മുന്നോട്ടുപോവുക എന്നും ശിക്ഷയിറക്കുക, ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുക പോലുള്ള കാര്യങ്ങൾ അല്ലാഹുവിനു വിട്ടേക്കുക എന്നുമുള്ള ധ്വനികൂടിയുണ്ട്. ഏതു ജനതയെയും ശിക്ഷിക്കുന്നതിനുമുമ്പ് ആവശ്യമായ സുവിശേഷങ്ങളും താക്കീതുകളും നൽകിക്കൊണ്ട് രക്ഷപ്പെടാൻ അവസരവും മാർഗവുമൊരുക്കുക എന്ന ദൈവിക ചര്യ സൂചിപ്പിക്കുന്നതാണ് وَلِكُلِّ قَوْمٍ هَادٍ എന്ന വാക്യം. ആ ചര്യയനുസരിച്ച് നിയുക്തനായ മാർഗദർശകനാണ് മുഹമ്മദ് നബി. അദ്ദേഹത്തിന്റെ സമുദായം ഈ മാർഗ ദർശനം തള്ളിക്കളയുകയാണെങ്കിൽ പിന്നെ അവർക്കവശേഷിക്കുന്നത് ശിക്ഷയുടെ ഘട്ടമാണ്.

**هدى**യുടെ കർതൃപദമാണ് **هاد**. എല്ലാ സന്മാർഗദർശികളെയും ഈ വാക്കുകൊണ്ട് വ്യവഹരിക്കാം. എങ്കിലും ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് പ്രവാചകന്മാരെയാണെന്നാണ് ഖുർആൻ വ്യാഖ്യാതാക്കളുടെ പൊതുവായ അഭിപ്രായം. 35:24ൽ وَإِن مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ (ഒരു മുന്നറിയിപ്പുകാരൻ കഴിഞ്ഞുപോകാതെ ഒരു സമുദായവുമില്ല) എന്നും സൂറ *ഇസ്റാഇൽ* وَمَا كُنَّا مُعَذِّبِينَ حَتَّىٰ نَبْعَثَ رَسُولًا (ഒരു ദൈവദൂതനെ നിയോഗിക്കുന്നതുവരെ നാം ആരെയും ശിക്ഷിക്കുകയില്ല) എന്നും പ്രസ്താവിച്ചിട്ടുള്ളതിനു സമാനമാണിത്. അല്ലാഹു ദിവ്യബോധനവും വേദവുമായി അയച്ച പ്രവാചകന്മാർക്കുശേഷം ആ പ്രവാചകന്മാരുടെ നിഷ്കളങ്ക ശിഷ്യന്മാർക്കു അവരുടെ ദൗത്യം ഏൽപിക്കപ്പെടുന്നു.

**هاد** കൊണ്ട് ഉദ്ദേശ്യം അല്ലാഹുവാണെന്ന് ചില പണ്ഡിതന്മാർ വാദിച്ചിട്ടുണ്ട്. അതായത്, പ്രവാചകന്റെ ദൗത്യം പ്രബോധനം മാത്രമാകുന്നു. സന്മാർഗദർശകൻ അല്ലാഹുവാകുന്നു. അവനിഛിച്ചവരെ അവൻ സന്മാർഗസ്ഥരാക്കും. وَٱللَّهُ يَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ (അല്ലാഹു അവനിഛിക്കുന്നവരെ നേർവഴിയിലേക്കു നയിക്കുന്നു - 24:46)

لَّيْسَ عَلَيْكَ هُدَىٰهُمْ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ

(അവരുടെ സന്മാർഗം നിന്റെ ബാധ്യതയല്ല; പ്രത്യുത അല്ലാഹു അവനിഛിക്കുന്നവരെ മാർഗദർശനം ചെയ്യുന്നു).

إِنَّكَ لَا تَهْدِى مَنْ أَحْبَبْتَ وَلَٰكِنَّ ٱللَّهَ يَهْدِى مَن يَشَآءُ

(നീ ആഗ്രഹിക്കുന്നവരെ സന്മാർഗത്തിലാക്കാൻ നിനക്കാവില്ല. പ്രത്യുത അല്ലാഹു അവനുദ്ദേശിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു - 28:56). പ്രസ്തുത അർഥകൽപനയെ പിന്തുണക്കുന്നതായി ഇത്തരം വാക്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ■